**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 483** **09-07-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രയാസം മറികടക്കുന്നതിന് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്ര ബജറ്റിൽ പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് അതീതമായ പല ഘടകങ്ങളാലും കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം ധന ഞെരുക്കം നേരിടുന്നുവെന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ എന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയത്, ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സർക്കാർ നിലപാട് എന്നിവ സംസ്ഥാനത്തെ ധന ഞെരുക്കത്തിലേക്ക് തള്ളിവിട്ട ഘടകങ്ങളാണ്.<br><br>ഈ ഘട്ടത്തിലും സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നീതി ആയോഗിന്റെ മാനവ വിഭവശേഷി സൂചികകളിലും, സുസ്ഥിര വികസന ലക്ഷ്യങ്ങളിലും സംസ്ഥാനം അഭിമാനകരമായ നേട്ടം കൈവരിച്ചത് എടുത്തുപറയേണ്ടതാണ്. പ്രതിസന്ധിയുടെ ഘട്ടത്തിലും ദേശീയ അഭിമാനം നിലനിർത്തുന്നതിൽ സംസ്ഥാനത്തിൻറെ വിവിധ മേഖലകളിലെ സംഭാവന കൂടി കണക്കിലെടുത്തും സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | ധന ഞെരുക്കം മറികടക്കുന്നതിനും കുറഞ്ഞത് 24000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2024-25 മുതൽ 2 വർഷത്തേക്ക് ഷെഡ്യൂൾ ചെയ്ത് കേന്ദ്ര ബഡ്ജറ്റിൽ നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് മൂലധന നിക്ഷേപ വായ്പാ പദ്ധതിയിൽ സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങളുടെ പേര് പറഞ്ഞ് NHM ന്റെ കേന്ദ്ര വിഹിതവും, പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന മൂലധന നിക്ഷേപങ്ങൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ ഭാഗം-1 ന് 2023-24 സാമ്പത്തിക വർഷം ലഭ്യമാകേണ്ട 1925 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. പ്രസ്തുത തുക നേടിയെടുക്കുന്നതിനായി നിരന്തരം കത്തിടപാടുകൾ നടത്തിയെങ്കിലും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു അനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഏതെല്ലാം വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; സിൽവർലൈൻ പദ്ധതിയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉയർന്ന ജനസാന്ദ്രത, വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, ഉയർന്ന തൊഴിൽ ചെലവ്, ദേശീയപാത വികസനം ഉൾപ്പെടെ കേന്ദ്രം നേരിട്ട് നടത്തുന്ന പദ്ധതികൾക്ക് ഏറ്റെടുത്ത് നൽകേണ്ട ഭൂമിയുടെ 25 ശതമാനം തുകയും സംസ്ഥാനം വഹിക്കേണ്ടിവരുന്നത് എന്നിവ കാരണം സംസ്ഥാനം അടിസ്ഥാന സൗകര്യ വികസനത്തിൽ വിഭവ ദൗർലഭ്യതയും ബുദ്ധിമുട്ടും നേരിടുന്നുണ്ട്.<br>അതിനാൽ, റോഡുകൾ, റെയിൽവേ, മെട്രോ, തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള ഗതാഗത അടിസ്ഥാന സൗകര്യ വികസനത്തിനും നഗര അടിസ്ഥാന സൗകര്യ പദ്ധതികൾക്കും കേന്ദ്ര ധനസഹായം വർദ്ധിപ്പിക്കാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ഇതിനുപുറമേ സിൽവർലൈൻ പദ്ധതിയ്ക്ക് അനുമതി നൽകുക, കേരളത്തിൽ AIIMS സ്ഥാപിക്കുക, കണ്ണൂരിൽ ആയുർവേദത്തിനായി അന്തർദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക, വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡിനായി പ്രത്യേക പാക്കേജ് അനുവദിക്കുക, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ സർവ്വേയും വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അടിയന്തിര കേന്ദ്ര സഹായം അനുവദിക്കുക മുതലായവ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നീതി ആയോഗ് നിലവിൽ വന്നതിനുശേഷം വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായുള്ള ചർച്ചകളുടെയും വിവിധ മുഖ്യമന്ത്രിമാരുടെ ഉപഗ്രൂപ്പിന്റെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്ര സർക്കാർ 2016 മുതൽ 'കോർ ഓഫ് ദ കോർ' (90:10), 'കോർ' (60:40), 'ഓപ്ഷണൽ' (50:50) എന്നീ |

| | | | |
|---|---|---|---|
| | | | ഗണങ്ങളിൽപ്പെട്ടുത്തുകയുണ്ടായി. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരികയാണ്. മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭ്യമാകുമായിരുന്ന പല പദ്ധതികളും ഇപ്പോൾ 60% മാത്രം കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് ഉൾപ്പെട്ടുത്തിയിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സിംഹഭാഗവും  കോർ ഗണത്തിൽ ഉൾപ്പെട്ടുത്തിയതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ വരുത്തിയ മാറ്റം പുന:അവലോകനം ചെയ്യാനും, കോർ, ഓപ്ഷണൽ ഗണത്തിൽപ്പെട്ട പദ്ധതികളുടെ കേന്ദ്ര വിഹിതം 75% ആയി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനങ്ങളുമായി നീതി ആയോഗ് നടത്തിയ വിവിധ ചർച്ചകളിലും, കേന്ദ്ര സർക്കാരിനോട് നടത്തിയ കത്തിടപാടുകളിലും, 2024-25 സാമ്പത്തിക വർഷത്തെ പുതുക്കിയ കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായിട്ടുള്ള ചർച്ചയിലും സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ